പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3717 | 14.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ സെല്ലിൻ കീഴിലുള്ള ഹോമുകളിലെ സുരക്ഷ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) നിർഭയ സെല്ലിൻ കീഴിലുള്ള ഹോമുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (എ) ഉണ്ട്. എല്ലാ നിർഭയ ഷെൽട്ടർ ഹോമുകളിലും രണ്ട് സെക്യൂരിറ്റി ഗാർഡുകളെ വീതം നിയമിച്ചിട്ടുണ്ട്. നിർഭയ ഷെൽട്ടർ ഹോമുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സി.സി.ടി.വി. ക്യാമറ വാങ്ങി സ്ഥാപിക്കാൻ ഷെൽട്ടർ ഹോമുകളുടെ മേൽനോട്ടം വഹിക്കുന്ന എല്ലാ സന്നദ്ധ സംഘടനകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി)കോംപ്രിഹെൻസീവ് വിക്ടിം റിലീഫ് ഫണ്ടിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. അക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് എത്രയും പെട്ടെന്നുള്ള സംരക്ഷണത്തിനും പുനരധിവാസത്തിനുമായി ഉടൻ സഹായം നൽകുന്നതിനായി പ്രത്യേക Immediate Relief Fund ആരംഭിക്കുന്നതിന് 2017-18 ലെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ